പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2473

08.03.2017 ൽ മറുപടിക്ക്

## ക്വാറികൾക്ക് ലൈസൻസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.സി. ജോർജ്ജ് | | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ക്വാറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ആകെ 466 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. |

| ജില്ല | | എണ്ണം |
|---|---|---|
| തിരുവനന്തപുരം | - | 65 |
| കൊല്ലം | - | 7 |
| ആലപ്പുഴ | - | 0 |
| പത്തനംതിട്ട | - | 63 |
| എറണാകുളം | - | 103 |
| തൃശ്ശൂർ | - | 65 |
| മലപ്പുറം | - | 40 |
| കോഴിക്കോട് | - | 15 |
| കോട്ടയം | - | 38 |
| ഇടുക്കി | - | 23 |
| പാലക്കാട് | - | 26 |
| കണ്ണൂർ | - | 16 |
| കാസർഗോഡ് | - | ഇല്ല |
| വയനാട് | - | 5 |
| ആകെ | | 466 |

| ചോദ്യം | | മറുപടി |
|---|---|---|
| (ബി) സംസ്ഥാനത്ത് ഇപ്പോൾ ക്വാറികൾക്ക് ലൈസൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ഡിപ്പാർട്ടുമെന്റുകളുടെ അനുമതിയോടെയാണ് ലൈസൻസ് കൊടുക്കുന്നത് എന്ന് വിശദമായി വിവരിക്കുമോ; | (ബി) | ഉണ്ട്. 5 ഹെക്ടറിൽ താഴെ ക്വാറിയിങ് ഏരിയ ഉള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതി ആഘാത അതോറിറ്റി അനുവദിക്കുന്ന എൻവയോൺമെന്റൽ ക്ലിയറൻസ് സർട്ടിഫിക്കറ്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും കൺസന്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള ഡി & ഒ ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ്/ ലീസ് അനുവദിക്കുന്നുണ്ട്. 5 ഹെക്ടറിനു മുകളിൽ വിസ്തീർണ്ണം വരുന്ന ക്വാറികൾക്ക് പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടത് സ്റ്റേറ്റ് എൻവയോൺമെന്റൽ ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ (SEIAA) നിന്നാണ്. ഇത്തരം ക്വാറികൾക്കും പാരിസ്ഥിതികാനുമതിക്കു പുറമേ മേൽപ്പറഞ്ഞ ലൈസൻസുകളും ആവശ്യമാണ്. ഇത്തരം അനുമതികൾ ഹാജരാക്കുന്ന മുറയ്ക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലീസ് അനുവദിച്ചുവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഒരു സ്ഥലത്ത് ക്വാറി ലൈസൻസ് ലഭിക്കുവാൻ മിനിമം ഒരു വ്യക്തിയുടെ പേരിൽ എത്ര ഏക്കർ ഭൂമി വേണം; | (സി) | 1 വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതിന് മിനിമം ഏരിയ നിജപ്പെടുത്തിയിട്ടില്ല. എന്നാൽ 12 വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് ലീസ് അനുവദിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 1 ഹെക്ടർ ഭൂമി ആവശ്യമാണ്. |
| (ഡി) | ടി ഭൂമിയിലേക്കുള്ള വഴിക്ക് എത്ര മീറ്റർ വീതിവേണമെന്നാണ് നിയമം; ടി ഭൂമിയുടെ എത്ര മീറ്റർ ചുറ്റളവിൽ ആൾതാമസം, വീടുകൾ എന്നിവ പാടില്ലെന്ന് വിശദമാക്കുമോ; | (ഡി) | ധാതുഗതാഗതം ചെയ്യുന്നതിനുള്ള വാഹന സഞ്ചാരത്തിന് പര്യാപ്തമായ വീതിയിലായിരിക്കണം ക്വാറിയിലേക്കുള്ള വഴി. ആയതിന്റെ വീതി സംബന്ധിച്ച് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിൽ പ്രത്യേക നിബന്ധനയില്ല. ആൾ താമസമുള്ള വീടുകളിൽ നിന്നും 100 മീറ്റർ ദൂരപരിധിയിൽ സ്ഫോടകവസ്തുക്കൾ ഉപയോഗിച്ചുള്ള കരിങ്കല്ല് ഖനനം അനുവദനീയമല്ല. |
| (ഇ) | ഇപ്പോൾ സർക്കാർ ഭൂമിയിൽ ക്വാറി അനുവദിക്കുന്നുണ്ടോ? | (ഇ) | സർക്കാർ ഭൂമിയിൽ കരിങ്കല്ല് ഖനനം അനുവദിക്കുന്നത് റവന്യൂ വകുപ്പിൽ നിന്നുള്ള എൻ.ഒ.സിയുടെ അടിസ്ഥാനത്തിലാണ്. എൻ.ഒ.സി. അനുവദിക്കുന്ന മുറയ്ക്ക് മറ്റു ലൈസൻസുകൾ ലഭിക്കുകയാണെങ്കിൽ സർക്കാർ ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് നിലവിൽ തടസ്സമില്ല. |

**സെക്ഷൻ ഓഫീസർ**